ഉത്തരം

(എ) ഉണ്ട്.

(ബി) ധാരാളം പുതിയ സർവ്വീസുകളും ഇതിനകം ആരംഭിച്ചിട്ടുണ്ട്.

(സി) യാത്രക്കാരുടെ ക്ലേശങ്ങളും കണക്കിലെടുത്താണ് പുതിയ ഷെഡ്യൂളുകളും ആരംഭിച്ചിട്ടുള്ളത്.

കോട്ടയം—മല്ലപ്പള്ളി—തിരുവനന്തപുരം ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്

817. [1235] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) കോട്ടയം—മല്ലപ്പള്ളി—തിരുവനന്തപുരം ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് ഈ അടുത്ത കാലത്ത് ചെറുകോൽപ്പുഴ വഴി തിരിച്ചു വിടുന്നതിന് വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാരണമെന്ത്;

(സി) മല്ലപ്പള്ളി പ്രദേശങ്ങളിൽനിന്ന് തിരുവനന്തപുരത്തേക്കുള്ള യാത്രക്കാർ ഇതു മൂലം വളരെ ബുദ്ധിമുട്ടുകളും അനുഭവിക്കുന്നു എന്നതു കണക്കിലെടുത്ത് ഈ സർവ്വീസ് പഴയ റൂട്ടിൽകൂടി മാത്രം ഓടിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തടിയൂർ—ചെറുകോൽപ്പുഴ ഭാഗത്തുള്ള യാത്രക്കാർക്ക് തലസ്ഥാന നഗരിയിലേക്കു നേരിട്ടു യാത്ര ചെയ്യുവാനുള്ള സൗകര്യം നൽകുന്നതിനു വേണ്ടിയാണ് കോട്ടയം—മല്ലപ്പള്ളി—തിരുവനന്തപുരം ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് ഇപ്രകാരം റൂട്ടു തിരിച്ചു വിട്ടത്.

(സി) മല്ലപ്പള്ളി ഭാഗത്തുള്ള യാത്രക്കാർ അനുഭവിക്കേണ്ടി വരുന്ന ബുദ്ധിമുട്ടുകളെ പരിഗണിച്ച് പ്രസ്തുത സർവ്വീസ് പഴയ റൂട്ടിൽ കൂടി തിരിച്ചു വിടുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ചെങ്ങന്നൂർ–ഓതറ–മല്ലപ്പള്ളി–എറണാകുളം ഫാസ്റ്റ് പാസഞ്ചർ

818. [1236] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ–ഓതറ–മല്ലപ്പള്ളി വഴി എറണാകുളത്തേയ്ക്ക് സർവ്വീസ് നടത്തിക്കൊണ്ടിരുന്ന ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് നിറുത്തൽ ചെയ്തിരിക്കുകയാണ് എന്നറിയുന്നത് ശരിയാണോ;

(ബി) എങ്കിൽ കാരണമെന്ത്;

(സി) ഈ സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അതെ.

(ബി) ഈ സർവ്വീസിന്റെ വരുമാനം തീരെ തൃപ്തികരമല്ലാത്തതിനാലാണ് നിറുത്തലാക്കിയത്.

(സി) ഇപ്പോഴത്തെ പരിതസ്ഥിതിയിൽ പരിഗണിക്കാൻ പ്രയാസമാണ്.

കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ടു കോർപ്പറേഷൻ നടത്തുന്ന ബസ് സർവ്വീസുകളുടെ സമയവിവരപ്പട്ടിക

819. [1238] ശ്രീ. കെ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ടു കോർപ്പറേഷൻ നടത്തുന്ന ബസ് സർവ്വീസുകളുടെ സമയ വിവരപ്പട്ടിക പ്രസിദ്ധീകരിച്ചു കൊണ്ടുള്ള പുസ്തകം ഏറ്റവും ഒടുവിൽ പൊതുജനങ്ങൾക്ക് വിൽക്കുവാൻ തയ്യാറാക്കിയതെപ്പോഴാണ്;

(ബി) ഇതിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(സി) ഇപ്പോൾ നിലവിലുള്ള സമയ വിവരപ്പട്ടിക തയ്യാറാക്കി വിൽപ്പന നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1.4.1977-ൽ.

(ബി) കോപ്പി ഇതൊന്നിച്ചു് അടക്കം ചെയ്യുന്നു.*

(സി) പുതിയ ടൈംടേബിൾ പുസ്തകം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തു വരികയാണ്.

12 കൊല്ലത്തിലധികം പഴക്കമുള്ള ബസ്സുകൾ

820. [1239] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 12 കൊല്ലത്തിലധികം പഴക്കമുള്ള എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഒരു പുതിയ ബസ് എത്ര കൊല്ലം സർവ്വീസ് നടത്താമെന്നതിന് ഏതെങ്കിലും വ്യവസ്ഥകൾ സംസ്ഥാനത്ത് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണ്, ഈ വ്യവസ്ഥയിൽ എപ്പോഴെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മാറ്റം വരുത്താനുള്ള കാരണം എന്താണ്?

ഉത്തരം

(എ) സംസ്ഥാനത്ത് 12 കൊല്ലത്തിലധികം പഴക്കമുള്ള 330 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.

*Placed in the library.

LIBRARY ARCHIVES Kerala Legislative Assembly